# JANAYUGAM - 06-06-2025



**സാരംഭകരായ വരാലിക്ക മനക്ലിയ, ആദിത്യ ബി മനക്ലിയ എന്നിവരുമായി സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ ധാരണാപത്രം കൈമാറുന്നു**

# ധാരണാപത്രത്തിൽ ഒപ്പുവച്ചു

കൊച്ചി: സുസ്ഥിര മത്സ്യ കൃഷി ലക്ഷ്യമിട്ട് കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റ് കൊൽക്കത്തെയിൽ നിന്നുള്ള സാരംഭകരായ വരാലിക്ക മനക്ലിയ, ആദിത്യ ബി മനക്ലിയ എന്നിവരുമായി ധാരണാപത്രം ഒപ്പുവച്ചു.

വിത്തിന്റെ പ്രതിരോധ വർധനയ്ക്കും സമ്മർദ്ദ അതിജീവനത്തിനും മത്സ്യ മാലിന്യത്തിൽ നിന്ന് കാർഷിക-പോഷക രൂപീകരണം എന്ന പേരിലുള്ള നൂതന സാങ്കേതികവിദ്യയാണ് ലോക പരിസ്ഥിതി ദിനത്തിൽ സിഫ്റ്റ് കൈമാറിയത്.

മത്സ്യ മാലിന്യങ്ങളുടെ ഉപയോഗത്തിലൂടെ പരിസ്ഥിതി സൗഹൃദ സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിനായി സിഫ്റ്റ് നടത്തുന്ന തുടർച്ചയായ ശ്രമങ്ങളുടെ ഭാഗമായാണ് ധാരണാപത്രം ഒപ്പുവച്ചത്. മത്സ്യ ഉപോല്പന്നങ്ങളുടെ പുനരുപയോഗത്തിലൂടെ സാരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സ്ഥാപനത്തിന്റെ പ്രതിബദ്ധതയാണ് ധാരണാപത്രം പ്രതിനിധീകരിക്കുന്നതെന്ന് സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ പറഞ്ഞു.